**കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ, സെനറ്റ് തെരഞ്ഞെടുപ്പ്**
**വോട്ടർമാർക്കുള്ള അറിയിപ്പ്**

കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ, സെനറ്റ് എന്നിവയിലേക്ക് 11.09.2024-ൽ നടക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർമാർക്കുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1. 29.09.2024 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള പുതുക്കിയ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 58-ാം നമ്പർ വോട്ടർ ഒഴികെ, 1 മുതൽ 170 വരെയുള്ള വോട്ടർമാർക്ക്, കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിൽ തങ്ങളുടെ വോട്ടവകാശം വിനിയോഗിക്കാവുന്നതാണ്.
   58-ാം നമ്പർ വോട്ടറെ പ്രസ്തുത വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്തിട്ടുള്ളതാകുന്നു.

2. 05.08.2024 ൽ പ്രസിദ്ധീകരിച്ചിട്ടുള്ള വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 58-ാം നമ്പർ വോട്ടർ ഒഴികെ, 1 മുതൽ 163 വരെയുള്ള വോട്ടർമാർക്ക്, സെനറ്റിലേക്കുള്ള 10 വിദ്യാർത്ഥി പ്രതിനിധികളുടെ തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാവുന്നതാണ്.
   പ്രസ്തുത വോട്ടർ പട്ടികയിലെ 58-ാം നമ്പർ വോട്ടറെ, വോട്ടർ പട്ടികയിൽ നിന്ന് നീക്കം ചെയ്തിട്ടുള്ളതാകുന്നു.

3. പോളിംഗ്/ കൗണ്ടിംഗ് പ്രക്രിയകൾ നടക്കുന്ന സ്ഥലങ്ങളിലേക്കുള്ള പ്രവേശനം പാസ്മൂലം ക്രമീകരിച്ചിരിക്കുന്നു. പ്രസ്തുത സ്ഥലങ്ങളിലേക്ക് മത്സരാർത്ഥികൾ/ അവരുടെ പ്രതിനിധികളായ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തികൾഎന്നിവർക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. പാസ് ലഭിക്കുന്നതിനായി നിശ്ചിത മാതൃകയുള്ള സത്യവാങ്മൂലം ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ എന്നിവ ഹാജരാക്കേണ്ടതാണ്.

4. കേരള സർവകലാശാല വിദ്യാർത്ഥി യൂണിയൻ, തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പ്രക്രിയ 11.09.2024 ന് 02.00 പി.എം. ന് ആരംഭിക്കുന്നതാണ്. പ്രസ്തുത വോട്ടെണ്ണൽ സമാപിക്കുന്ന മുറയ്ക്ക് 03.30 ന് സെനറ്റിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ നടക്കുന്നതാണ്.

ഒപ്പ്
റിട്ടേണിംഗ് ഓഫീസർ

10.09.2024